കാലിവളർത്തൽ വിപുലപ്പെടുത്തുന്നതിനും, ക്ഷീരോൽപാദനം വികസിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതി

* 703 [767] ശ്രീ. കെ. സുകുമാരനുണ്ണി:
,, കെ. പി. നൂറുദ്ദീൻ:
,, എൻ. പി മൊയ്തീൻ:
,, സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാലിവളർത്തൽ വിപുലപ്പെടുത്തുന്നതിനും ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള എന്തെല്ലാം പദ്ധതികളാണ് ഗവൺമെൻറിന്റെ പരിഗണനയിലുള്ളത്;

(ബി) അവ ആറാം പദ്ധതിക്കാലത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) 'ബേബി ഫുഡ്' സഹായ വിലക്ക് ലഭിക്കുന്നതിന് ഇന്നു അനുവേപ്പെടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഏതെങ്കിലും മെച്ചമായ ബേബി ഫുഡ് കേരളത്തിൽതന്നെ ഉൽപ്പാദിപ്പിക്കുന്നതിന് ഉതകുന്ന ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഗവൺമെൻറിനു പരിപാടിയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് എന്നു നടപ്പിലാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): (എ) (1) ജഴ്സി പശുക്കളുടെ ഒരു ഫാം സ്ഥാപിക്കുക.

(2) കാലിവളർത്തലിന് തീവ്ര വികസന പദ്ധതി (ഇൻറൻസീവ് കാറ്റിൽ ഡവലപ്പ്മെൻറ് പ്രോജക്ട്)

(3) നല്ല വർഗ്ഗത്തിലുള്ള ബീജം ഗാഢശീതീകരണം നടത്തി ബീജസങ്കലനത്തിനുവേണ്ടി വിതരണം ചെയ്യുക.

(4) വിപുലമായ കൃത്രിമ ബീജധാരണ പരിപാടി.

(5) തീറ്റപ്പുല്ല് കൃഷി വ്യാപിപ്പിക്കൽ.

(6) കന്നുകാലി ഇൻഷ്വറൻസ്.

(7) മൃഗചികിൽസാ സൗകര്യങ്ങൾ വിപുലപ്പെടുത്തുക.

(8) ഓപ്പറേഷൻ ഫ്ളഡ് II പദ്ധതി മുതലായ പദ്ധതികളാണ് പരിഗണനയിലുള്ളത്.

(ബി) ഉണ്ട്.

(സി) തൽക്കാലം പരിപാടിയില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. സുകുമാരനുണ്ണി: പാൽവിതരണ സംഘങ്ങളെ പല കാര്യങ്ങളും നേരിട്ട് ഏൽപ്പിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. വ്യക്തിപരമായി സഹായത്തിനുവേണ്ടി വല്ലവരും മുമ്പോട്ടു വരികയാണെങ്കിൽ അവരെ സഹായിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ്: ഈ സ്കീം അനുസരിച്ച് ഗവൺമെന്റ് ചെയ്യുന്നതാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: ബേബി ഫുഡിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞു. ഇതിന് ഒരു ഫാക്ടറി കേരളത്തിൽ എവിടെയെങ്കിലും തുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ പാലക്കാട് ജില്ലയിൽ തുറക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: തൽക്കാലം ഉദ്ദേശമില്ല.

ശ്രീ. എൻ. പി. മൊയ്തീൻ: ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കാലിവളർത്തുന്നതിനും ഗ്രാമീണ കർഷകർക്ക് ഇതിനകം എന്തെല്ലാം സഹായമാണ് ഗവൺമെന്റ് കൊടുത്തിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ധാരാളം സഹായം ചെയ്തിട്ടുണ്ട്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: സബ്സിഡി സ്കീം ഏതെല്ലാം ജില്ലകളിലാണ് ഇപ്പോഴും നടപ്പാക്കിയിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. എ. എൽ. ജേക്കബ്: കൊല്ലം, തിരുവനന്തപുരം തൃശ്ശൂർ.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: എസ്. എഫ്. ഡി. എ. അനുസരിച്ച് കന്നുകാലികളെ വാങ്ങിക്കുന്നതിന് കൊടുക്കുന്ന ധനസഹായം കൊണ്ട് കന്നുകാലികളെ തൊട്ടടുത്ത മദ്രാസ് സംസ്ഥാനത്തിൽ പോയി വാങ്ങിക്കണമെന്ന് നിർബന്ധിക്കുന്നത് എന്തിനാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. എൽ. ജേക്കബ്: അങ്ങനെ നിർബന്ധിക്കുന്നില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഓപ്പറേഷൻ ഫ്ളഡ് പദ്ധതിയിൽ ഇടുക്കി ജില്ലക്ക് ഒരു പ്രത്യേക പ്രാധാന്യം കൊടുത്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഇത് നടപ്പാക്കുന്നതിന് പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എ. എൽ. ജേക്കബ്: തൽക്കാലം ഒരു നടപടി സ്വീകരിച്ചിട്ടില്ല.

ശ്രീ. എ. പി. കുര്യൻ: ഓപ്പറേഷൻ ഫ്ളഡ് പദ്ധതി എന്നുമുതലാണ് പ്രവർത്തനം ആരംഭിക്കുന്നത്? നിലവിലുള്ള മിൽക്ക് മാർക്കറ്റിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണോ അതോ പ്രത്യേകമായിട്ടുള്ള ഒരു പദ്ധതിയായിട്ടാണോ നടപ്പാക്കുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: ലോക ബാങ്കിന്റെയും അന്തർദേശീയ സാമ്പത്തിക സ്ഥാപനങ്ങളുടേയും സഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

ശ്രീ. എ. പി. കുര്യൻ: എന്റെ ചോദ്യം ഓപ്പറേഷൻ ഫ്ളഡ് നടപ്പാക്കുന്നത് നിലവിലുള്ള മിൽക്ക് മാർക്കറ്റിംഗ് ബോർഡിന്റെ നിയന്ത്രണത്തിലായിരിക്കുമോ പ്രത്യേക സ്കീമായിട്ടാണോയെന്നാണ് ?

ശ്രീ. എ. എൽ. ജേക്കബ്: പ്രത്യേക സ്കീമായിട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഭാസ്കരൻ നായർ: സ്വിസ് ബ്രൗൺ പശുക്കളെക്കാളും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നത് ജേഴ്സിയാണെന്ന് അനുഭവത്തിൽ കണ്ടിട്ടുണ്ടെന്നും അതുകൊണ്ട് അതേ വളർത്താൻ പാടുള്ളുവെന്നും പറയുന്നതു ശരിയാണോ ?

ശ്രീ. എ. എൽ. ജേക്കബ്: നേരേമറിച്ചാണ്. സ്വിസ് ബ്രൗൺ പശുവിനെ ഇറച്ചിക്കുവേണ്ടിയും പാലിനുവേണ്ടിയുമാണ് വളർത്തുന്നത്. ജേഴ്സി പശുവിനെ അങ്ങനെയല്ല. അതിനെക്കാൾ മൂന്നിലൊന്ന് കൂടുതൽ പാൽ കിട്ടും സ്വിസ് ബ്രൗണിനെന്നാണ് പരീക്ഷണത്തിൽനിന്ന് മനസ്സിലായിട്ടുള്ളത്. തിരുവനന്തപുരം പ്രദേശങ്ങളിൽ സ്വിസ് ബ്രൗൺ വേണ്ട, ജേഴ്സി പശുമതി അതിനാണ് കൂടുതൽ പാൽ കിട്ടുന്നത്. തീറ്റി പ്പോറ്റുന്നതിന് വലിയ പ്രയാസവുമില്ല. എന്നാണ് പറയുന്നത്.

ശ്രീ.പി.സി. ജോസഫ്: കഴിഞ്ഞവർഷം പലപ്പോഴും മിൽക്കുപ്ലാന്റു കളിൽ പാല് എടുക്കാതെ വരികയും അതുമൂലം പാൽ സൊസൈറ്റികൾക്ക് കൊടുക്കാതിരിക്കുന്ന സാഹചര്യം വരുകയും കൃഷിക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടു ഉണ്ടാകുകയും ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി ഈ പ്രാവശ്യം യാതൊരുകാരണവശാലും പാൽ വാങ്ങിക്കുന്ന രംഗത്ത് ഒരു സ്തംഭനാവസ്ഥ ഉണ്ടാവുകയില്ലെന്ന് കേരളത്തിലെ പാൽകൃഷിക്കാർക്ക് ഈ വേദിയിൽ ഒരു ഉറപ്പു നൽകാൻ തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ്: പാലെല്ലാം എടുത്തിട്ട് ഇവിടെ സംസ്കരിക്കണമെന്ന ഉദ്ദേശമുണ്ട്. അതിനുള്ള പദ്ധതി ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ വരുന്നപക്ഷം ഈ ബുദ്ധിമുട്ട് നേരിടുകയില്ല.

ശ്രീ. കെ. ജെ. ചാക്കോ: ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ അമൂൽ തുടങ്ങിയ ബേബിഫുഡ് ഉൽപാദിപ്പിക്കുന്ന ഒരു ഫാക്ടറി വിദേശസഹായത്തോടുകൂടിയാണെങ്കിലും ആരംഭിക്കാൻ വല്ല പരിപാടിയുമുണ്ടോ ?

ശ്രീ. എ. എൽ. ജേക്കബ്: അമൂൽ ഇവിടെ ഉൽപാദിപ്പിക്കാൻ സാദ്ധ്യമല്ല. ഇവിടെ പാലിന് വില വളരെ കൂടുതലാണ്. തീറ്റപ്പുല്ലും കാലിത്തീറ്റയും വിലകുറച്ചുകൊടുക്കാത്തിടത്തോളം കാലം പാലിന് വില കുറയുകയില്ല. നമുക്ക് മാർക്കറ്റിൽ വിൽക്കാൻ സാദ്ധ്യമല്ല.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ക്ഷീര ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും ക്ഷീരവ്യവസായ വികസനത്തിനുംവേണ്ടി ഒരു ഫാക്ടറി തൃശ്ശൂർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞു. ഇന്ന് അത് സാമ്പത്തികമായി ലാഭകരമാവുകയില്ലെന്നാണ് പറയുന്നത്. അതിന്റെ മറ്റു വശംകൂടി ആലോചിച്ച് കേരളത്തിന്റെ പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുത്ത് ക്ഷീരവ്യവസായ വികസനത്തിന് ഒരു ഫാക്ടറി തുടങ്ങാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ബുദ്ധിമുട്ട് പറഞ്ഞുവെന്നേയുള്ളു. ഇപ്പോഴും എന്താണ് വേണ്ടതെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതലായിട്ട് പാൽപ്പൊടി ഇവിടെ മാനുഫാക്ചർ ചെയ്യാൻ കഴിയുകയില്ല. മദ്രാസിൽ ഇതിനെക്കാൾ കുറഞ്ഞനിരക്കിൽ പാൽപ്പൊടികിട്ടും. പാലിന് വില കുറച്ചാണ് കിട്ടുന്നത്. ഇപ്പോഴും തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കല്ലട നാരായണൻ: ധവളവിപ്ലവം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന കാലത്ത് ഒട്ടേറെ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് ഇൻസ്പെക്ടർമാരെ നിയമിച്ചിരുന്നു. ഇപ്പോഴും അവരുടെ നില എന്താണ്, അവരുടെ അവസ്ഥ എന്താണ് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ്: അവർക്ക് ജോലിയുണ്ട്. ഈ കപ്സ്റ്റ്റ്യനുമായി ബന്ധപ്പെട്ടതല്ല.

ശ്രീ. ഇ. പി. ഗോപാലൻ: ജേഴ്സി പശുക്കളെ വളർത്തുന്നതിനുള്ള ഫാം ആരംഭിക്കാൻ പോകുന്നു എന്ന് പറഞ്ഞു. പാൽ ഉൽപാദനത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന എരുമകളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് പ്രത്യേകമായിട്ട് ഫാം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ്: ഫാം ഇല്ലാതെ തന്നെ ധാരാളം എരുമകൾ നമ്മുടെ നാട്ടിലുണ്ട്. നല്ല ഇനത്തിൽപ്പെട്ട എരുമകൾക്ക് ബീജം കുത്തിവച്ചിട്ട് കൂടുതൽ പാലുള്ള എരുമകളെ വളർത്താനുള്ള ഉദ്ദേശമുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: ബീജസങ്കലനം നടത്താതെ തന്നെ പ്രസവിക്കാത്ത എരുമകൾക്കും പശുക്കൾക്കും ആടുകൾക്കും പ്രത്യേക ഇൻജക്ഷൻ നടത്തി പാൽ ഉൽപാദിപ്പിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അങ്ങനെയുള്ള ഇഞ്ചക്ഷൻ പ്രോൽസാഹിപ്പിക്കാൻ ഉദ്ദേശമുണ്ടോ ?

ശ്രീ. എ. എൽ. ജേക്കബ്: അത് അറിയുകയില്ല.

ശ്രീ. ജി. പി. മംഗലത്തുമഠം: ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞു. വർദ്ധിച്ചുവരുന്ന മുറയ്ക്ക് പാല് കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഓരോ പഞ്ചായത്തിലും ഓരോ മിനി ചില്ലിംഗ് പ്ലാന്റ് കൂടി ഉണ്ടാക്കുന്നതിനുള്ള സഹായം കൊടുക്കാൽ തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ്: പല സ്ഥലങ്ങളിലും ചില്ലിംഗ് പ്ലാന്റ് ഉണ്ട്. അതേപ്പറ്റി ആലോചനയുണ്ട്.

ശ്രീ. പി. ശങ്കർ: പാലക്കാട് മിൽക്ക് സപ്ലൈ യൂണിയനിലേക്ക് അവിടെയുള്ള സഹകരണ യൂണിയനിൽനിന്ന് പാൽ വാങ്ങിക്കുന്നതില്ലെന്നു പറഞ്ഞു. അതിനു കാരണം തൃശൂരിലുള്ള പാലിന്റെ വില പാലക്കാട്ടെ മിൽമ കൊടുക്കാൻ തയ്യാറില്ലാത്തതുകൊണ്ടാണെന്നാണ് പറയുന്നത്. സഹകരണ സംഘത്തിൽനിന്ന് വാങ്ങിക്കാനുള്ള വല്ല നടപടിയും എടുക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ്: അതേപ്പറ്റി അന്വേഷിച്ചു പറയാം.

LIBRARY ARCHIVES Kerala Legislative Assembly